"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യവകുപ്പ് - നിക്ഷേപ കാലാവധി പൂർത്തിയാക്കിയ വ്യക്തിഗത ട്രഷറി സ്ഥിരനിക്ഷേപങ്ങൾ - ദീർഘനാളുകളായി പിൻവലിക്കാതെ അവശേഷിക്കുന്നവ പുതുക്കി നൽകുന്നതിനുള്ള നടപടിക്രമങ്ങളിൽ വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ് )വകുപ്പ്**

സ.ഉ.(അച്ചടി) നം.153/2025/FIN തീയതി,തിരുവനന്തപുരം, 18-12-2025

---

പരാമർശം:- 1. ട്രഷറി ഡയറക്ടറുടെ 06/12/2024 , 23-01-2025 എന്നീ തീയതികളിലെ TRY/6084 /2024 -F4 നമ്പർ കത്തുകൾ .

**<u>ഉത്തരവ്</u>**

ട്രഷറി സ്ഥിരനിക്ഷേപങ്ങൾ കാലാവധി പൂർത്തിയാകുന്ന അവസരത്തിൽ നിക്ഷേപകൻ പിൻവലിക്കാതിരിക്കുകയും എന്നാൽ പിന്നീട് ദീർഘനാളുകൾക്കുശേഷം അവ പുതുക്കി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ സമർപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും ഇത്തരത്തിലുള്ള സ്ഥിരനിക്ഷേപങ്ങൾ പുതുക്കി നിക്ഷേപിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങളിൽ ഒരു സമയപരിധി നിഷ്ക്കർഷിച്ചിട്ടില്ലാത്തതിനാൽ പുതുക്കി നൽകാൻ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ കാലാവധി പൂർത്തിയായ അവസരത്തിൽ നിലവിലുണ്ടായിരുന്ന പലിശ നിരക്കിൽ തന്നെ ഇത്തരം നിക്ഷേപങ്ങൾ പുതുക്കി നൽകേണ്ടതായി വരികയും, മുൻ തീയതി മുതൽ കൂടിയ നിരക്കിൽ പലിശ നൽകേണ്ടി വരുന്നത് സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുവാനിടയാക്കുന്നതായും കാണുന്നുവെന്നും കൂടാതെ സാധാരണ ട്രഷറി സ്ഥിരനിക്ഷേപങ്ങളുടെ കാലാവധി പരമാവധി 10 വർഷമായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ 10 വർഷത്തിന് മുകളിലേക്കുള്ള കാലയളവിലേക്ക് ഇത്തരം നിക്ഷേപങ്ങൾ പുതുക്കി നൽകുന്നതിന് കഴിയുന്നുമില്ലെന്നും (2013-ൽ കാലാവധി പൂർത്തിയായ സ്ഥിരനിക്ഷേപം ഇപ്പോൾ ഇത്തരത്തിൽ പുതുക്കി നൽകാനാവില്ല) ആയതിനാൽ കാലാവധി പൂർത്തിയായ സ്ഥിരനിക്ഷേപങ്ങൾ ദീർഘനാളുകൾക്കുശേഷം മുൻതീയതി മുതൽ പുതുക്കി നിക്ഷേപിക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിന് കാലപരിധി നിശ്ചയിക്കേണ്ടത് ഇപ്പോൾ അനിവാര്യമായിരിക്കുകയാണെന്നും ആയതിനാൽ ആവശ്യമായ ഉത്തരവുകൾ നൽകണമെന്നും

പരാമർശം 1 പ്രകാരം ട്രഷറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ട്രഷറി സ്ഥിരനിക്ഷേപങ്ങളുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു .

**എ)** സ്ഥിരനിക്ഷേപങ്ങളുടെ കാലാവധി (Maturity Period ) പൂർത്തിയായി ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കാത്ത സാഹചര്യത്തിൽ അവ പുതുക്കി നൽകേണ്ടതില്ലായെന്നും പകരം, പ്രസ്തുത കാലയളവിനുശേഷം സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ നിലവിലുള്ള സ്ഥിരനിക്ഷേപം ക്ലോസ് ചെയ്തശേഷം പുതിയ സ്ഥിരനിക്ഷേപമായി ആരംഭിക്കേണ്ടതുമാണ് .

**ബി)** ആയത് പ്രകാരം അപേക്ഷ സമർപ്പിക്കാത്ത സാഹചര്യത്തിൽ സ്ഥിരനിക്ഷേപ കാലാവധി പൂർത്തിയായശേഷം എസ്.ബി നിരക്കിലുള്ള പലിശ നിക്ഷേപകനു നൽകാവുന്നതാണ് .

**സി)** കാലാവധി പൂർത്തിയായി 5 വർഷം കഴിഞ്ഞും പുതുക്കാനോ പിൻവലിക്കാനോ അപേക്ഷ ലഭിക്കാത്ത ട്രഷറി സ്ഥിരനിക്ഷേപങ്ങൾ സർക്കാരിലേക്ക് വരവ് വയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ ട്രഷറി ഡയറക്ടർ സ്വീകരിക്കേണ്ടതാണ് .

ഇക്കാര്യം സംബന്ധിച്ച തുടർനടപടികൾ ട്രഷറി ഡയറക്ടർ സ്വീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുരേഷ് കുമാർ ഒ ബി
ജോയിൻറ് സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻ്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ , തിരുവനന്തപുരം

എല്ലാ വകുപ്പ് മേധാവികൾക്കും (ട്രഷറി ഡയറക്ടർ മുഖേന)

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (2991986 )

ഉത്തരവിൻ പ്രകാരം

Signed by Agustian J
Date: 18-12-2025 16:04:21

സെക്ഷൻ ഓഫീസർ